പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *123

16.03.2015 ലെ മറുപടിയ്ക്ക്

**ജൈവവളങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. സി.മോയിൻ കുട്ടി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനം ജൈവകൃഷിയിലേക്ക് മാറുന്ന സാഹചര്യം മുതലെടുത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും വിവിധ പേരുകളിൽ മായം ചേർത്ത ജൈവവളം സംസ്ഥാനത്ത് വിറ്റഴിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി - കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണിയിലും വെള്ളാണിക്കരയിലും, കയർ ബോർഡ്, കൊച്ചി സ്പൈസസ് ബോർഡ്, കൊച്ചി & കോഴിക്കോട് റബ്ബർ ബോർഡ്, കോട്ടയം എന്നീ സ്ഥാപനങ്ങളിൽ ജൈവഗുണനിലവാര പരിശോധന നടത്തി വരുന്നു. കൂടാതെ FCO 1985(ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ) ൽ ഉൾപ്പെട്ടിട്ടുള്ള ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് (RCOF) - ൽ അയച്ചും പരിശോധിച്ചു വരുന്നു. കൃഷി വകുപ്പിന്റെ കീഴിൽ Bio Fertilizer and Organic Manure Quality Control Laboratory (BOQCL) എന്ന പേരിൽ ജൈവവളങ്ങളുടെയും ജീവാണു വളങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| **(സി)** | ജൈവകൃഷിക്ക് ആവശ്യമായ ജൈവവളം, ജൈവമാലിന്യങ്ങൾ സംസ്കരിച്ച് സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിനും കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോ ? | **(സി)** | ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ഓരോ കർഷകന്റെ കൃഷിയിടങ്ങളിൽ തന്നെ ആവശ്യമുള്ള ജൈവവളം ഉൽപാദിപ്പിക്കുന്നതിന് റൂറൽ കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവയുടെ നിർമ്മാണത്തിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ